# 2019-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

published on 12/03/19.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 186

# 2019-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

314/2019.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 186

# 2019-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലുകളെ സംബന്ധിച്ച കൂട്ടുതൽ ചുമതലകൾ) ബിൽ

ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലുകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.— ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലുകളുടെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു;—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലുകളെ സംബന്ധിച്ച കൂട്ടുതൽ ചുമതലകൾ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) "പബ്ലിക് സർവ്വീസ് കമ്മീഷൻ" എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നർത്ഥമാകുന്നു;

(സി) "സർവ്വീസുകൾ" എന്നാൽ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലുകളുടെ കീഴിലുള്ള സർവ്വീസുകൾ എന്നർത്ഥമാകുന്നു.

(ഡി) "ചട്ടങ്ങൾ" എന്നാൽ 4-ാം വകുപ്പിൻ കീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾ എന്നർത്ഥമാകുന്നു;

(ഇ) "ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലുകൾ" എന്നാൽ 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിൻ (1953-ലെ IX-ാം ആക്റ്റ്) കീഴിൽ രൂപീകരിച്ചിട്ടുള്ള മോഡേൺ മെഡിസിൻ കൗൺസിലും ആയുർവേദം, സിദ്ധ, യുനാനി ടിബ് എന്നിവ ഉൾപ്പെടുന്ന ഭാരതീയ ചികിത്സാ സമ്പ്രദായത്തിന്റെ കൗൺസിലും (ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിൽ) ഹോമിയോപ്പതിക് മെഡിസിൻ കൗൺസിലും ഉൾപ്പെടുന്ന ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലുകൾ എന്നർത്ഥമാകുന്നു.

3. ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലുകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലകൾ.—(1) ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനവും സേവന വ്യവസ്ഥകളും സംബന്ധിച്ച് 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിലോ (1953-ലെ IX) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലുകളിലെ രജിസ്ട്രാറും ഡെപ്യൂട്ടി രജിസ്ട്രാറും ഒഴികെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും, നേരിട്ടുള്ള നിയമനംവഴി നിയമിക്കുന്നതിനുവേണ്ടി സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലയായിരിക്കുന്നതാണ്.

(2) ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലുകൾ പബ്ലിക് സർവ്വീസ് കമ്മീഷനുമായി,—

(എ) ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലുകളിൻകീഴിലുള്ള ഭരണപരമായ സർവ്വീസുകളിലെ തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം സംബന്ധിച്ച കാര്യങ്ങളിലും;

(ബി) ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലുകളുടെ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നേരിട്ടുള്ള നിയമനംവഴി നിയമിക്കുന്നതിന് പാലിക്കേണ്ട തത്വങ്ങളിന്മേലും അങ്ങനെയുള്ള നിയമനങ്ങളിലേക്കുമുള്ള ഉദ്യോഗാർത്ഥികളുടെ അനുയോജ്യത സംബന്ധിച്ചും, കൂടിയാലോചിക്കേണ്ടതും, അപ്രകാരം റഫർ ചെയ്യുന്ന ഏതൊരു കാര്യത്തിന്മേലും ഉപദേശം നൽകേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലയായിരിക്കുന്നതുമാണ്:

എന്നാൽ, സാമാന്യമായതോ ഏതെങ്കിലും പ്രത്യേക സംഗതിയിലോ പ്രത്യേക വിഭാഗം സംഗതികളിലോ ഏതെങ്കിലും പ്രത്യേക സാഹചര്യത്തിലോ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത സംഗതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുന്ന ചട്ടങ്ങൾ സർക്കാരിന് ഉണ്ടാക്കാവുന്നതാണ്.

(3) പബ്ലിക് സർവ്വീസ് കമ്മീഷനും ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലുകളും തമ്മിൽ (2)-ാം ഉപവകുപ്പ് പ്രകാരം കൂടിയാലോചിക്കുന്ന ഒരു സംഗതിയിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസമുള്ളപക്ഷം ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലുകൾ ആ സംഗതി സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും, അതിൻമേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

എന്നാൽ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനെതിരായി സർക്കാർ ഒരു തീരുമാനം എടുക്കുന്നതിനുമുമ്പ് ആ സംഗതി പബ്ലിക് സർവ്വീസ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ്.

4. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി, പബ്ലിക് സർവ്വീസ് കമ്മീഷനുമായും ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലുകളുമായും കൂടിയാലോചിച്ച്, ഗസറ്റ് വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ,—

(എ) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്നതിന് ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലുകൾ അനുവർത്തിക്കേണ്ട നടപടിക്രമം;

(ബി) ഏതെങ്കിലും പ്രത്യേക സംഗതിയിലോ പ്രത്യേക സാഹചര്യത്തിലോ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത സംഗതികൾ;

(സി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്ന ഉദ്ദേശ്യത്തിന് ആനുഷംഗികമോ ആവശ്യമോ ആയ ഏതെങ്കിലും സംഗതി,

എന്നിവ വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ ആക്റ്റിൻകീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയ ശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ ഒരു സമ്മേളനത്തിലോ തുടർച്ചയായി രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും, അത് അപ്രകാരം വയ്ക്കുന്ന സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ്, നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിലെ 19-ാം വകുപ്പിന്റെ (3)-ഉം (4)-ഉം ഉപവകുപ്പുകൾ പ്രകാരം കൗൺസിലിന് പ്രസ്തുത ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി അതിന് ഉചിതമെന്ന് കരുതുന്ന ഉദ്യോഗസ്ഥരെയോ ജോലിക്കാരെയോ നിയമിക്കുകയോ ജോലി ചെയ്യിക്കുകയോ ചെയ്യാവുന്നതാണെന്നും അവരുടെ യോഗ്യതകളും നിയമനരീതിയും ശമ്പള സ്കെയിലും സമാന വിഭാഗത്തിലെ സർക്കാർ ഉദ്യോഗസ്ഥർക്കും ജോലിക്കാർക്കും ബാധകമായിട്ടുള്ള ചട്ടങ്ങൾ അനുസരിച്ചായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ദിവസവേതന അടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നിയമിതരായ ജീവനക്കാരെ ജോലിയിൽ ക്രമപ്പെടുത്തി ഉത്തരവാക്കുകയാണ് ചെയ്തുവരുന്നത്. ആയത് കൗൺസിലിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നതിനാൽ രജിസ്ട്രാറും ഡെപ്യൂട്ടി രജിസ്ട്രാറും ഒഴികെയുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാരിനോട് കൗൺസിൽ അഭ്യർത്ഥിച്ചിട്ടുള്ളതും പ്രസ്തുത നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നടത്തുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുള്ളതും ആണ്. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി ഒരു നിയമനിർമ്മാണം നടത്തേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 4-ാം ഖണ്ഡം ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായും ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലുകളുമായി കൂടിയാലോചിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ ചട്ടങ്ങളോ റഗുലേഷനുകളോ ഉണ്ടാക്കേണ്ടത്, അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോടു കൂടിയതുമാണ്. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

കെ. കെ. ശൈലജ ടീച്ചർ